# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/484/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 17/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/484/2022 തീയ്യതി: 17/03/2022

## കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 03-03-2022 | 09-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 09-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.സതീഷ് കുമാർ.സി.പി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അരവിന്ദാക്ഷൻ.ടി.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. മോഹൻരാജ്.വി.പി | സെക്രട്ടറി | 24-04-2019 | 21-07-2019 |
| | | 10-08-2019 | 31-03-2020 |
| ശ്രീ. സജീവൻ.എം.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| | | 22-07-2019 | 10-08-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ.പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അജിത്ത്.വൈ | വെറ്റിനറി സർജൻ | 01-04-2019 | 03-01-2020 |
| ഡോ. അമ്പിളിനാരായണൻ | വെറ്റിനറി സർജൻ | 04-01-2020 | 03-02-2020 |
| ഡോ. അഖിൻലാൽ.സി.എസ് | വെറ്റിനറി സർജൻ | 03-02-2020 | 31-03-2020 |
| ഡോ. ഇന്ദു.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 07-06-2019 |
| ഡോ. അബ്ദുസമദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 08-06-2019 | 31-03-2020 |
| ഡോ. രാജേഷ്.എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. വിപിൻ.വി.ബി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 25-09-2019 |
| ഡോ. ആദർശ്.യു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 25-09-2019 | 31-03-2020 |
| ശ്രീമതി. അനുപമ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. റിജിന.ടി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. രേഷ്മ.കെ.പി | വി.ഇ.ഒ | 07-06-2019 | 31-01-2020 |
| ശ്രീമതി. ഗിരിജ കുന്നുമ്മൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി. രേഷ്മ.കെ | ഐ.സി.ഡി.എസ് | 01-06-2019 | 13-12-2019 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി. അമ്പിളി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-12-2019 | 31-03-2020 |
| ശ്രീ. സജീവൻ.എം.സി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. സുനിത.പി.കെ | അസി. എഞ്ചിനിയർ | 01-04-2019 | 25-11-2019 |
| ശ്രീ. ജോജു.കെ.ജെ | അസി. എഞ്ചിനിയർ | 25-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: SathishKumar C P (Asst. Audit Officer, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-6 |
| 9 | തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 17-03-2022) | 1-6-1 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-9 |
| 14 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 17-03-2022) | 1-10 |
| 15 | തരം മാറ്റിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീസൊടുക്കിയതിൽ കുറവ്<br>Written By: Vijesh K.K (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-11 |
| 16 | 660ച.അടിയിൽ കുറവുള്ള വാസ ഗൃഹങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകിയില്ല | 1-12 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | |
| 17 | നിലം വിഭാഗത്തിലുള്ള ഭൂമിയിൽ വലിയ വാണിജ്യ കെട്ടിടത്തിന് അനുമതി നൽകി<br>Written By: Vijesh K.K (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-13 |
| 18 | നിശ്ചിത നിരക്കിലുള്ള വിനോദ നികുതി ഈടാക്കിയില്ല<br>Written By: Vijesh K.K (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-14 |
| 19 | ലേലത്തിൽ പോകാത്ത പഞ്ചായത്ത് മേലനുഭവങ്ങൾ പാഴാകാതിരിക്കാൻ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Vijesh K.K (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-15 |
| 20 | എഫ്.ടി.ഇ & ഓ ലൈസൻസ് അപാകത<br>Written By: Vijesh K.K (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-16 |
| 21 | കരാറുകാരന് ക്വാട്ട് ചെയ്തനിരക്കിൽ നിന്ന് വ്യത്യസ്തമായി തുക നൽകി-അധികം നൽകിയ തുക തിരികെ ഈടാക്കണം<br>Written By: Jayan P (Senior Grade Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-17 |
| 22 | പൊതുമരാമത്ത് പ്രവർത്തി രൂപീകരണ-നിർവ്വഹണഘട്ടങ്ങളിലെ പൊതു അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-18 |
| 23 | ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം സംബന്ധിച്ച് വ്യക്തതയോ, തിരികെ ഈടാക്കാൻ നടപടികളോ ഇല്ല<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-19 |
| 24 | തരിശ് കിടക്കുന്ന നെൽപാടങ്ങൾ കൃഷിക്കനുയോജ്യമാക്കാൻ നടപടികളില്ല<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-20 |
| 25 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Sathish Kumar K (Audit Officer (HG), On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-21 |
| 26 | അങ്കണവാടി ഭക്ഷ്യ സാധനങ്ങളുടെ വിതരണം - ടെണ്ടർ ചെയ്തില്ല<br>Written By: SathishKumar C P (Asst. Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-22 |
| 27 | അങ്കണവാടി പോഷകാഹാരം പദ്ധതി - മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-23 |
| 28 | ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-24 |
| 29 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം-മാലിന്യ കൂമ്പാരം-അടിസ്ഥാനസൌകര്യങ്ങളുമില്ല<br>Written By: Jayan P (Senior Grade Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-25 |
| 30 | ആശ്രയപരിചരണ സേവന പാക്കേജ് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം വിനയോഗിച്ചു<br>Written By: Jayan P (Senior Grade Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-26 |
| 31 | ഭവനപുനരുദ്ധാരണത്തിന് ലഭിച്ച തുക വിനിയോഗിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 10-03-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 15-03-2022) | |
| 32 | അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല<br>Written By: Jayan P (Senior Grade Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 15-03-2022) | 1-28 |
| 33 | പഞ്ചായത്തിലെ മുഴുവൻജലനിധി പദ്ധതികളും നാളിതുവരെ പ്രവർത്തനക്ഷമമായില്ല<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-29 |
| 34 | എസ്.എസ്.എ. വിഹിതം അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായതുകമാത്രം അടവാക്കുന്നു<br>Written By: M.Karunakaran (Audit Officer, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-30 |
| 35 | മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 1-31 |
| | **ഭാഗം 2** | |
| 1 | തരം മാറ്റിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീസൊടുക്കിയതിൽ കുറവ്<br>Written By: Vijesh K.K (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 2-1 |
| | **ഭാഗം 3** | |
| 1 | കരാറുകാരന് കാാട്ട് ചെയ്തനിരക്കിൽ നിന്ന് വ്യത്യസ്തമായി തുക നൽകി- അധികം നൽകിയ തുക തിരികെ ഈടാക്കണം<br>Written By: Jayan P (Senior Grade Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 09-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 08-03-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 16-03-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 10-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 08-03-2022)<br>Last Updated By: Vasudevan M (Deputy Director, On 16-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 8.2.19 -ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 26/19 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം, പരിഷ്കരിച്ച ബജറ്റ് എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

1994 -ലെ കേരളപഞ്ചായത്ത്‌രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175 -ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ലഭ്യമായ ഫയലിൽ നിർവഹണ ഉദ്യോഗസ്ഥരുടെ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളു. ഭരണസമിതി അംഗീകരിച്ചു നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. . 8.2.19-ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 25,55,98,685/- രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 7,49,13,642/- രൂപ മാത്രമാണ് അതെപോലെ ചെലവ് ബജറ്റ് പ്രകാരം 24,92,33,410/- രൂപയും യഥാർത്ഥ ചെലവ് 5,14,54,154/- രൂപയുമാണ്. പഞ്ചായത്തിന്റെ പ്രധാന നികുതി വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വസ്തു നികുതി | 5000000 | 3453395 |
| തൊഴിൽ നികുതി | 1400000 | 1231130 |

ചെലവിനങ്ങളിൽ ബജറ്റ് പ്രകാരം ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗത്തിൽ പ്രതീക്ഷിത ചെലവ് 15,60,000/- രൂപ വകയിരുത്തിയപ്പോൾ ഈ ഇനത്തിൽ യഥാർത്ഥ ചെലവ് 20,59,581/- രൂപയാണ്. ഇങ്ങനെ പല മേഖലകളിലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവും യഥാർത്ഥചെലവും

തമ്മിൽ നല്ല വ്യത്യാസം നിലനിൽകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 10.06.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2019-20 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 3,477/- രൂപ കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018-19 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ ഇനത്തിൽ കുടിശ്ശിക ഇല്ല.

2. വസ്തു നികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, ഓർക്കാട്ടേരി, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67226994464) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മെന്റ് തീയതി | തുക |
|---|---:|
| 04.10.2019 | 161 |
| 05.10.2019 | 413 |
| 31.03.2020 | 227 |

3. ഡെപ്പോസിറ്റ് ഇനത്തിൽ 2018-19 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2019-20 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2019-20 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽലഭിക്കുന്ന തുകയായ 5,76,186/- രൂപയും 2019-20 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 5,73,211/- രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

4. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം സ്ഥാപനം നൽകിയ അഡ്വാൻസ്/ലോൺ ഇനങ്ങളിൽ തിരികെ ലഭിക്കാനുള്ള തുക 9,09,125/- രൂപയാണ്. എന്നാൽ

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 9,08,925/- രൂപയാണ്.

5. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 9,83,016/- രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (Treasury Special TSB JointVenture) 2,10,000/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

6. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 28,391/- രൂപയുടെ സ്റ്റോർസ് 2019-20 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി 5 സ്റ്റേറ്റ്മെന്റ് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യിൽ തിരിച്ചടയ്ക്കാനായി 72,48,823/- രൂപ ഉണ്ട്. എന്നാൽ ലോൺ തിരിച്ചടവ്, ബാലൻസ് രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. 2019-20 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-5 പ്രകാരം Sale Of Scrap ഇനത്തിൽ 14,264 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

9. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

10. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,33,90,301 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,12,53,341 |
| ആകെ | 7,49,13,642 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,14,54,155 |
| നീക്കിയിരിപ്പ് | 2,34,59,487 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 1,09,34,235 | 1,09,34,235 | 86,26,290 | 23,07,945 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 13,67,588 | 13,67,588 | 11,40,855 | 2,26,733 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 66,22,000 | 66,22,000 | 11,76,279 | 54,45,721 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 34,77,000 | 34,77,000 | 11,93,901 | 22,83,099 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 88,64,185 | 88,64,185 | 47,30,144 | 41,34,041 |
| ഐ.സി.ഡി.എസ് | 62,394 | 15,54,957 | 16,17,351 | 12,50,000 | 3,67,351 |
| സാക്ഷരത | 85,428 | 3,357 | 88,785 | 0 | 88,785 |
| എം.പി.ഫണ്ട് | 32,353 | 13,84,548 | 14,16,901 | 13,62,370 | 54,531 |
| ജലനിധി | 18,83,046 | 99,918 | 19,82,964 | 7,72,310 | 12,10,654 |
| ശുചിത്വമിഷൻ ഗ്രാന്റ് | 10,56,374 | 1,70,000 | 12,26,374 | 6,17,118 | 6,09,256 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ

പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 5,35,33,021 | 1,18,15,977 |
| വികസനഫണ്ട് (എസ്.സി.പി) | 76,87,654 | 15,97,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,12,26,456 | 1,06,26,456 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 53,86,050 | 36,30,000 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3)ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക (1,48,41,500) വാർഷിക കണക്കിലെ തുകയുമായി (15,54,957) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം | നടപ്പിലാക്കിയ | ഭാഗികമായി | നടപ്പിലാക്കാത്ത |
|---|---|---|---|

| ലഭിച്ച പ്രോജക്ടുകൾ | പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | പ്രോജക്ടുകൾ |
|---|---|---|---|
| 114 | 69 | 5 | 40 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 114 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 74 പ്രോജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വിവിധ പ്രോജക്ടുകൾക്കായി 7,59,50,936/- രൂപ വകയിരുത്തിയതിൽ കേവലം 3,37,44,816/- രൂപ മാത്രമെ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്നകാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ നല്ലൊരു തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവ് വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 8864185 | 4730144 | 4134041 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 3477000 | 1193901 | 2283099 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6622000 | 1176279 | 5445721 |
| വികസന ഫണ്ട് ജനറൽ | 10934235 | 8626290 | 2307945 |
| വികസന ഫണ്ട് – SCP | 1367588 | 1140855 | 226733 |
| ആകെ | 31265008 | 16867469 | 14397539 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 3,12,65,008/-

രൂപയിൽ 1,68,67,469/- രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. പ്രോജക്ടുകളുടെ നിർവഹണത്തിൽ വന്ന വീഴ്ച മൂലം 1,43,97,539/- രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിവിധ നിർവഹണ ഉദ്യോഗസ്ഥർ ട്രഷറിയിൽ യഥാസമയം ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മൂലം വിവിധ പ്രോജക്ടുകൾ പ്രകാരം ക്യൂബിൽ ആയ തുകയുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ക്യൂബിൽ തുക ഒഴിവാക്കിയാൽ തന്നെ വികസനഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ്, സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിലെല്ലാം തന്നെ ലഭ്യമായ ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി പഞ്ചായത്തിൽ സാമ്പത്തിക വർഷം പ്രകടമാണ്. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസി.എഞ്ചിനീയറുടെ പ്രോജക്ട നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 54 പ്രോജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 24 പ്രോജക്ടുക്കുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. സാമ്പത്തിക വർഷം പ്രവർത്തി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് ക്യൂബിൽ ആയ 15 ബില്ലുകളിൽ ഉള്ള 72,78,060/- രൂപ കൂടി പരിഗണിച്ചാലും എ.ഇ യുടെ പ്രോജക്ട് നിർവഹണം കാര്യക്ഷമമല്ല എന്ന് വ്യക്തമാണ്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ, സെക്രട്ടറി, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവരൊഴികെ മറ്റ് നിർവഹണ ഉദ്യോഗസ്ഥരെല്ലാം തന്നെ തങ്ങളുടെ എല്ലാ പ്രോജക്ടുകൾക്കും ഭാഗികമായെങ്കിലും തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.എം.എസ് നമ്പർ 11/2018/ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം, നിർവഹണ എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ട്.

പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചിലവർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ടു

നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാംതന്നെ യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 22,944 | 13,92,149 | 14,15,093 | 9,88,805 | 4,26,288 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 3,03,31,587 | 3,03,31,587 | 3,03,31,587 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല

സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന മെറ്റീരിയൽ പ്രവർത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ശേഖരിക്കുന്നതിൽ പഞ്ചായത്ത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രവർത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ഒറ്റ ടെണ്ടർ മുഖേന ഒന്നായി സമാഹരിക്കുന്നതിന് പകരം ഓരോ പ്രവർത്തിക്കും ആവശ്യമായ മെറ്റീരിയലുകൾ പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് ശേഖരിക്കുന്നത്. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ മെറ്റീരിയൽ പ്രവർത്തികൾക്കാവശ്യമായ മെറ്റീരിയലുകൾക്ക് ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 21 മെറ്റീരിയൽ പ്രവർത്തികൾ റീടെണ്ടർ ചെയ്തതിന്റെ വിവരം മാത്രമാണ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ എല്ലാംതന്നെ ഓരോ കരാറുകാരൻ മാത്രം പങ്കെടുക്കുകയും പങ്കെടുത്ത കരാറുകാരൻ എസ്റ്റിമെറ്റ് നിരക്ക് ക്വാട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് പ്രവൃത്തി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കേവലം രണ്ടോ, മൂന്നോ വ്യക്തികളോ, സ്ഥാപനങ്ങളോ മാറി എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ഏറ്റെടുക്കുന്ന സാഹചര്യമാണ് സാമ്പത്തിക വർഷം നിലനിൽക്കുന്നത്. ഇപ്രകാരം കരാറുകാരൻ സൈറ്റിൽ ഇറക്കുന്ന മെറ്റീരിയലുകൾ ആരും തന്നെ അളവ് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 75,120 | 92 |
| കർഷക തൊഴിലാളി പെൻഷൻ | 36,04,800 | 686 |
| വിധവാ പെൻഷൻ | 56,16,600 | 966 |
| വാർദ്ധക്യകാല പെൻഷൻ | 92,62,800 | 1749 |
| വികലാംഗ പെൻഷൻ | 19,65,200 | 350 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,12,400 | 40 |
| വിവാഹ ധനസഹായം | 2,40,000 | 8 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച | തീരുമാനം എടുത്ത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തീയതി | തീയതി |
| 2 | ശാന്ത, ചിറപറമ്പത്ത്, എടച്ചേരി | വിധവാ പെൻഷൻ | 03.06.2019 | 07.08.2019 |
| 3 | സുഹറ.കെ.പി, കക്കുഴിപറമ്പത്ത്, ഇരിങ്ങണ്ണൂർ | | 09.07.2019 | 21.10.2019 |
| 4 | ആസ്യ, കൊട്ടങ്ങാമംപുറത്ത്, എടച്ചേരി | | 06.08.2019 | 28.10.2019 |
| 5 | ബാലൻ.ടി.പി, തുളിപറമ്പത്ത്, ഇരിങ്ങണ്ണൂർ | കർഷക ത്തൊഴിലാളി പെൻഷൻ | 04.04.2019 | 12.07.2019 |
| 6 | കമല.പി.കെ, വടക്കേട്ടിൽ, ഇരിങ്ങണ്ണൂർ | | 10.05.2019 | 12.07.2019 |
| 5 | ശോഭ.പി.കെ, കുറുങ്ങോട്ട്, എടച്ചേരി നോർത്ത് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 04.04.2019 | 12.07.2019 |
| 6 | രാജേഷ്.എം.കെ, മുന്നംറ്റംപറമ്പത്ത്, വില്ല്യാപ്പള്ളി | | 02.05.2019 | 12.07.2019 |

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. 01.04.2019 മുതൽ 31.03.2020 വരെ സ്ഥാപനത്തിൽ പെൻഷൻ അപേക്ഷകൾ സ്വീകരിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി, അപേക്ഷകളിൽ അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ തിരിച്ചേൽപ്പിച്ച തീയതി, തീരുമാനം എടുത്ത് പെൻഷൻ അനുവദിച്ച തീയതി എന്നിവ എല്ലാ രജിസ്റ്ററുകളിലും എഴുതി ചേർത്തിട്ടില്ല.

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷക തൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 14/19-20 , തീ – 09.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 23.9.15ലെA7/4882/2015നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷമാദ്യം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തി കാണുന്നില്ല. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്റർ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി കൃത്യമായി സാമ്പത്തിക വർഷത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരാതിയിൽ കൈകൊണ്ട

തീരുമാനം പലപ്പോഴും രേഖപ്പെടുത്തിയിട്ടില്ല. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ സാമ്പത്തിക വർഷത്തിൽ കൃത്യത പാലിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധിച്ചിട്ടുണ്ട്. കാഷ്ബുക്ക് ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേബുക്ക് പലപ്പോഴും ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി എക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ ചില മാസങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻക്യുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 2000-2001 മുതൽ 2018-19 വരെയുള്ള 15 റിപ്പോർട്ടുകളിലായി 143 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത്‌രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 4 ക്ലർക്ക്, 3 സീനിയർ ക്ലർക്ക് തസ്തികകളാണ് നിലവിലുള്ളത്. പഞ്ചായത്തിലെ ജീവനക്കാർക്ക് ജോലിഭാരം പ്രകടമാണെങ്കിലും, ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി

ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്ന നടപടികൾ പരിശോധിച്ചതിൽ 2000-01 മുതൽ 2018-19 വരെ 15 റിപ്പോർട്ടുകളിലായി 143 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ കാര്യമായ നടപടികൾ കൈകൊണ്ട് കാണുന്നില്ല. 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ 2016-17, 17-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വളരെ കുറച്ച് ഖണ്ഡികകൾ മാത്രമെ തീർപ്പായിട്ടുള്ളൂ. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 10.6.2020 -ൽ ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയ ശേഷം നിശ്ചിത സമയ പരിധിക്കകം മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലും 8 ഖണ്ഡികകളിലെ പരാമർശങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. 2017-18 വർഷത്തെ റിപ്പോർട്ട് 6.4.19 പഞ്ചായത്തിൽ ലഭിക്കുകയും പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ 14 ഖണ്ഡികകളിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടുണ്ടെങ്കിലും 11 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. അതേപൊലെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 9-12-17 തിയ്യതിയിൽ പഞ്ചായത്തിൽ ലഭ്യമാവുകയും നിശ്ചിത സമയ പരിധിക്കകം പ്രഥമ മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 9 പരാമർശങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണമാവുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി സമർപ്പിച്ച് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 തരം മാറ്റിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീസൊടുക്കിയതിൽ കുറവ്

ശ്രീ.ഖാലിദ്, കൊപ്പരക്കണ്ടിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള റി.സ. നം 51/1E, 51/1D യിൽപ്പെട്ട സ്വഭാവ വ്യതിയാനം വരുത്തിയ നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയിൽ നിർമ്മിച്ച 331.71$m^2$ (3569.1996ച.അടി) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷ പ്രകാരം കെട്ടിടത്തിന് 4/153B, 4/153C എന്നീ കെട്ടിട നമ്പറുകൾ നൽകി 2019-20 മുതൽ വസ്തു നികുതി ഈടാക്കിവരുന്നുണ്ട്. എന്നാൽ വടകര റവന്യൂ ഡിവിഷണൽ ഓഫീസറുടെ 28-11-2019ലെ F1/2124/19 നമ്പർ ഉത്തരവ് പ്രകാരം സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകിയ മേൽ കെട്ടിടം നിലനിൽക്കുന്ന 19.93 ആർ സ്ഥലത്ത് 3569.1996 ച.അടിയിൽ കൂടുതലുള്ള നിർമ്മാണത്തിന് ഓരോ ച.അടിയ്ക്കും 100 രൂപ നിരക്കിൽ സർക്കാരിലേക്ക് ഫീസൊടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ഫയൽ പരിശോധിച്ചതിൽ കെട്ടിടം പരിശോധിച്ച ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും പ്ലാൻ പ്രകാരവും കെട്ടിടം ആകെ 339.71 $M^2$ (അതായത് 3656.608ച.അടിയുണ്ട്) നിർമ്മാണം പൂർത്തീകരിക്കുകയും നികുതി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇത് ആർ.ഡി.ഒ നിർമ്മാണാനുമതി നൽകിയതിനേക്കാളും 87.408 ച.അടി അധിക നിർമ്മാണമുണ്ട്. എന്നാൽ ഈ അധിക നിർമ്മാണത്തിന് ആർ.ഡി.ഒ യുടെ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ച.അടിയ്ക്ക് 100/- രൂപ നിരക്കിൽ 8740/- രൂപ ഫീസ് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. ഇത് അടച്ചിട്ടില്ല.

കൂടാതെ 08-03-2022 -ൽ കെട്ടിടത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന് പുറക് വശം ഏകദേശം 120$m^2$ വിസ്തീർണ്ണത്തിൽ ട്രസ്സ് വർക്ക് ചെയ്ത് 'സ്പൈസി വില്ലേജ് 'എന്ന ഇവന്റ്സ് & കാറ്ററിംഗ് എന്ന സ്ഥാപനം പഞ്ചായത്ത് എഫ്.ടി.ഇ & ഒ.എസ് ലൈസൻസോടെ (ലൈസൻസ് നം 339/21-22) പ്രവർത്തിച്ചു വരുന്നതായി ബോധ്യപ്പെട്ടു. എന്നാൽ ഈ കെട്ടിടത്തിന്റെ ഭാഗത്തിന് പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി വാങ്ങുകയോ നമ്പർ ലഭ്യമാക്കുകയോ ചെയതിട്ടില്ല. ആർഡി.ഒ യുടെ മേൽ ഉത്തരവ് പ്രകാരം അധികമായി നിർമ്മിച്ച ഓരോ ച.അടിയ്ക്കും 100/- രൂപ നിരക്കിൽ സർക്കാരിലേക്ക് ഫീസും ഒടുക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ അധികമായി നിർമ്മിച്ച ഭാഗം ക്രമവൽക്കരിക്കുന്നതിനും ആർ.ഡി.ഒ യുടെ നിർദ്ദേശ പ്രകാരമുള്ള ഫീസ് സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനും കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകേണ്ടതും അധിക നിർമ്മാണം ക്രമവൽക്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഫീസ് അടവാക്കാൻ തയ്യാറാകാത്ത പക്ഷം അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നത് ഉൾപ്പടെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വകീരിക്കേണ്ടതാണ്.

1-12 660ച.അടിയിൽ കുറവുള്ള വാസ ഗൃഹങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകിയില്ല

പഞ്ചായത്തിലെ സഞ്ചയ പ്രകാരമുള്ള 2019-20 ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധനയിൽ ചുവടെ

കൊടുത്തിരിക്കുന്ന 660 ച.അടിയിൽ കുറവുള്ള റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി കണക്കാക്കി ഈടാക്കി വരുന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം |
|---|---|---|---|
| 1 | 3/31 B | രാമകൃഷ്ണൻ, നടുക്കണ്ടി മീത്തൽ | $57.67m^2$= (620f2) |
| 2 | 11/287C | രാജേഷ്, കാട്ടിൽ | $59.62m^2$= 641f2 |
| 3 | 14/39A | ഷൈനി, വെങ്കല്ലൂർ | $50.55m^2$= 544f2 |

സഞ്ചയ പരിശോധിച്ചതിൽ പട്ടികയിൽ പരാമർശിച്ചവരുടെ പേരിൽ മറ്റ് റസിഡൻഷ്യൽ കെട്ടിടങ്ങൾ പഞ്ചായത്തിൽ ഇല്ല. 27-04-2015 ലെ പഞ്ചായത്ത് വസ്തുനികുതി പരിഷ്കരണ ഭേദഗതി ഉത്തരവ് ജി.ഒ.(എം.എസ്) നം 144/15ലെ 4 ാം നമ്പർ നിർദ്ദേശപ്രകാരം 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള എല്ലാ വാസ ഗൃഹങ്ങളെയും വസ്തു നികുതിയിൽ നിന്നും 2015-16 സാമ്പത്തിക വർഷം മുതൽ ഒഴിവാക്കേണ്ടതാണ് എന്ന് പറയുന്നു. എന്നാൽ ഈ ഉത്തരവ് ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 17/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പട്ടികയിൽ ഉദാഹരണമായി നൽകിയവ കൂടാതെ മറ്റ് ഇത്തരം റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കി ഈടാക്കി വരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും അവ കണ്ടെത്തി വസ്തുനികുതി ഒഴിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-13 നിലം വിഭാഗത്തിലുള്ള ഭൂമിയിൽ വലിയ വാണിജ്യ കെട്ടിടത്തിന് അനുമതി നൽകി

ശ്രീ.ഇബ്രായി, ഹമീദ്, ലത്തീഫ് എന്നിവരുടെ 31-05-2019-ലെ എ2/3114 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ പരിഗണിച്ച് എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്ത് റി.സ.205/32, റി.സ.205/16 ൽപ്പെട്ട 4.0173 ആർ സ്ഥലത്ത് $353.5m^2$ വാണിജ്യ കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് കെട്ടിട നിർമ്മാണ അനുമതി (പെർമിറ്റ് നം.A2-BA-215717/19 Dtd 01-06-2019) നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം സമർപ്പിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിൽ റി.സർവ്വെ 205/32 -ൽപ്പെട്ട 0.65 ആർസ് സ്ഥലം നിലം വിഭാഗത്തിൽപ്പെടുന്നതാണ് എന്ന് വ്യക്തമായി പറയുന്നുണ്ട്. സെക്രട്ടറിയുടെ ഓഫീസിൽ നിന്നും കെട്ടിട നിർമ്മാണം നിലം ഭൂമിയിൽപ്പെടുന്നുണ്ടോ എന്ന്

പരിശോധിക്കുന്നതിന് എൽ.എസ്.ജി.ഡിയ്ക്ക് ഫയൽ കൈമാറിയതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി അസി.എഞ്ചിനിയർ പരിശോധനാ റിപ്പോർട്ട് നൽകിയിരിക്കുന്നത് പ്ലാൻ പ്രകാരം നിലം വിഭാഗത്തിൽപ്പെടുന്ന ഭൂമിയിൽ കെട്ടിട നിർമ്മാണം നടക്കുന്നില്ല എന്നും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്നുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയും ചെയ്തു. എന്നാൽ സർവ്വെ സ്കെച്ചും പ്ലാനും പരിശോധിച്ചതിൽ നിന്നും ആകെ നിർമ്മിക്കാനുദ്ദേശിക്കുന്ന 353.5$m^2$ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന് ആവശ്യമായ ഫ്രന്റേജും, കാർ പാർക്കിങ്ങും, ആക്സസ്സും കാണിച്ചിരിക്കുന്നത് മേൽ പറഞ്ഞ നിലം വിഭാഗത്തിൽപ്പെട്ട സർവ്വെ നമ്പറിലുള്ള ഭൂമിയിലാണ്. ഇത്രയും വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് അനുമതി ലഭിക്കണമെങ്കിൽ അപേക്ഷയിലെ നിലം വിഭാഗത്തിലുള്ള ഭൂമിയും നിർബന്ധമായും ഉപയോപ്പെടുത്തേണ്ടതായുണ്ട്. അതായത് ഈ നിലം വിഭാഗത്തിലുള്ള ഭൂമി RDO യിൽ നിന്നും തരം മാറ്റി ലഭ്യമാക്കേണ്ടതായിരുന്നു. കേരള നെൽവയൽ തണ്ണിർത്തട സംരക്ഷണ നിയമപ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത 2.02 ആർ ഭൂമിയിൽ 40$m^2$ വരെയുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് RDOയുടെ അനുവാദം ആവശ്യമില്ല (Sec.27A(6). എന്നാൽ ഇവിടെ 353.5$m^2$ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിനാണ് അസി.എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്. നിലവിൽ കെട്ടിടത്തിന്റെ നിർമ്മാണം 355.94$m^2$ വിസ്തീർണ്ണത്തിൽ പൂർത്തിയാവുകയും 2020-21 മുതൽ 13/393A, 13/393 B എന്നീ കെട്ടിട നമ്പറുകൾ നൽകി നികുതി ഈടാക്കുകയും വരുന്നുണ്ട്.

നിലം ഭൂമി ആർ.ഡി.ഒ യിൽ നിന്നും സ്വഭാവ വ്യതിയാനം വരുത്താതെ അനുമതി നൽകാനുള്ള അധികാര പരിധിയിൽ കഴിഞ്ഞുള്ള വിസ്തീർണ്ണത്തിലുള്ള വാണിജ്യ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതിനും കെട്ടിട നമ്പർ അനുവദിച്ചതിനും വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 നിശ്ചിത നിരക്കിലുള്ള വിനോദ നികുതി ഈടാക്കിയില്ല

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 'വീചീ സിനിമാസ് ' എന്ന സിനിമാ തിയേറ്ററിൽ നിന്നും പഞ്ചായത്തിൽ വിനോദ നികുതി അടവാക്കി വരുന്നുണ്ട്. സർക്കാർ ഉത്തരവ് സ.ഉ.നം. 112/2019 /ത.സ്വ.ഭ.വ തീ.31-08-2019 പ്രകാരം 01-09-2019 മുതൽ 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും ഈടാക്കേണ്ടതാണ് എന്ന് പറയുന്നു. ഇവിടെ ടിക്കറ്റ് നിരക്ക് 100 രൂപയാണ്. ഇത് പ്രകാരം 5% വിനോദ നികുതി പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. എന്നാൽ സ്ഥാപനം പഞ്ചായത്തിൽ സമർപ്പിച്ച നികുതി

റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ സ്ഥാപനം 01-09-2019 മുതൽ പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത് 4% എന്ന നിരക്കിലുള്ള വിനോദ നികുതിയാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. 01-09-2019 മുതൽ 31-03-2020 വരെ കാലയളവിലെ സ്ഥാപനത്തിന്റെ പഞ്ചായത്തിൽ സമർപ്പിച്ച നികുതി റിട്ടേൺ സ്റ്റേറ്റ്മെറ്റ് പരിശോധിച്ച് വിനോദ നികുതിയിനത്തിലെ കുറവ് കണക്കാക്കി സ്ഥാപന ഉടമയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കിയതിന്റെ വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-15 ലേലത്തിൽ പോകാത്ത പഞ്ചായത്ത് മേലനുഭവങ്ങൾ പാഴാകാതിരിക്കാൻ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കുന്നില്ല.

പഞ്ചായത്തിന്റെ അധികാരാവകാശത്തിൽപ്പെട്ട വിവിധങ്ങളായ പത്ത് സ്ഥലങ്ങളിലെ ഫലവൃക്ഷങ്ങളുടെ കായ്ഫലങ്ങൾ എടുക്കുന്നതിനുള്ള അവകാശം 2019-20 വർഷത്തേക്ക് ലേലം ചെയ്ത് നൽകുന്നതിനായി 22-03-2019 ലും 15-07-2019 ലും ലേല പരസ്യം നൽകി ലേലം ചെയ്തതിൽ ആകെ 2 സ്ഥലങ്ങളിലെ മേലനുഭവം എടുക്കുന്നതിനുള്ള അവകാശങ്ങൾ മാത്രമാണണ് ലേലത്തിൽ വ്യക്തികൾ ഏറ്റെടുത്തിട്ടുള്ളത്. ബാക്കിയുള്ള എട്ട് സ്ഥലങ്ങളിലെ മേലനുഭവം ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. എന്നാൽ ലേലത്തിൽ പോവാത്തവയിലെ മേലനുഭവങ്ങൾ പഞ്ചായത്ത് നേരിട്ട് ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്തിട്ടുമില്ല. ആകെ പത്ത് സ്ഥലങ്ങളിൽ മേലനുഭവം ലേലം ചെയ്യാനുണ്ടെങ്കിലും ഇവയിൽ ഭൂരിഭാഗവും മുൻ വർഷങ്ങളിൽ ആരും ലേലം കൊള്ളുന്നില്ല എന്ന് കാണുന്നു. ഇതിൽ 5 എണ്ണം 2014-15 ലും 2 എണ്ണം 2015-16 ലുമാണ് അവസാനമായി ലേലത്തിൽ ആരെങ്കിലും ഏറ്റെടുത്തിരിക്കുന്നത് എന്ന് ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ലേലത്തിൽ പോവാത്ത മേലനുഭവങ്ങൾ പഞ്ചായത്ത് നേരിട്ട് ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്ത് ലഭ്യമാവുന്ന തുക തനത് ഫണ്ടിൽ അടയ്ക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്തിട്ടില്ല. കൂടാതെ 22-03-2019 -ൽ നടത്തിയ ലേലത്തിന് ശേഷം പുനർ ലേലം നടത്തിയിരിക്കുന്നത് 15-07-2019 ലാണ്. മേലനുഭവങ്ങൾ എടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുമ്പോൾ സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ഇവ ലേലം കൊള്ളുന്ന ആൾക്ക് മേലാദായം എടുക്കുന്നതിന് സാധിക്കുന്ന വിധത്തിൽ പുനർ ലേല നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ സ്ഥലത്തും എന്തൊക്കെ മേലനുഭവങ്ങളാണുള്ളതെന്ന് കാണിച്ച് വിശദമായി ലേല പരസ്യം നൽകി സാമ്പത്തിക വർഷാരംഭം മുതൽ ലേലം കൊള്ളുന്ന വ്യക്തിയ്ക്ക് ആദായം എടുത്ത് തുടങ്ങാവുന്ന രീതിയിൽ ലേല, പുനർലേല നടപടികളിലൂടെ മുഴുവൻ സ്ഥലങ്ങളിലെയും മേലനുഭവങ്ങൾ ലേലം ചെയ്ത് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 1-16 എഫ്.ടി.ഇ & ഓ ലൈസൻസ് അപാകത

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിയിൽ നിന്നും ഒഴിഞ്ഞു പോകാതിരിക്കുന്നതിനായി 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-10 ൽ വിശദമായി പരാമർശിച്ചിട്ടും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് കാലികമാക്കിയിട്ടില്ല. പഞ്ചായത്തിൽ 1500 ൽ അധികം വാണിജ്യ കെട്ടിടങ്ങൾ ഉണ്ടായിട്ടും ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷം 704 കെട്ടിടങ്ങളിലായി ആകെ 519 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഇതിൽ 371 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കുന്നതിനായി മുൻകൂർ ആയി ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളു. വാടക വരുമാനമാർജിക്കുന്ന കെട്ടിട ഉടമകളെ മുഴവൻ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല. പഞ്ചായത്ത് ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ മുഴവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചു. കൂടാതെ പഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകൾ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ്സുമാർ, മരാമത്ത് പ്രവ്യത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എം.ജി.എൻ ആർ.ഇ.ജി.എ യുടെ പ്രവ്യത്തികൾക്കായി മെറ്റീരിയൽസ് സപ്ലൈ ചെയ്ത സപ്ലയേഴ്സ്/ കരാറുകാർ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, എന്നീ സ്ഥാപനങ്ങളെ പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല. റേഷൻ കടകളിലെ ജീവനക്കാരെ തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിലും പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

2018-19 ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കാൻ ബാധ്യസ്ഥമായ മുഴവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളികളിൽ നിന്നും വ്യക്തികളിൽ നിന്നും മുഴവൻ നികുതിയും ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

## 1-17 കരാറുകാരന് ക്വാട്ട് ചെയ്തനിരക്കിൽ നിന്ന് വ്യത്യസ്തമായി തുക നൽകി-അധികം നൽകിയ തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രവ്യത്തിയുടെ പേര് | എൻ.ഒ.സി മുക്ക്-കൊട്ടങ്ങൽപള്ളി റോഡ് റീ-ടാറിംഗ്(പ്രോജക്ട് നം.110/2019-20) |
| അക്രഡിറ്റഡ് ഏജൻസിയുടെ പേര് | ഓർക്കാട്ടേരി ലേബർ കോൺട്രാക്ട് ആന്റ് കൺട്രക്ഷൻ കോപ്പറേറ്റീവ് സൊസൈറ്റി |

| | |
|---|---|
| അടങ്കൽ തുക | മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-5,00000/- |
| ചെലവ് | 19170352014900825205/15.11.2019/483713/- |
| എം.ബുക്ക് നം | 136/19-20 |
| കരാർ | 28/2018-19/08.10.2018 |
| പൂർത്തീകരണ കാലയളവ് | 4 മാസം |
| കരാറുകാരൻ ക്വോട്ട് ചെയ്ത തുക | 482879.16/- രൂപ |

എൻ.ഒ.സി മുക്ക്-കോട്ടങ്ങൽ പള്ളി റോഡ് റീ-ടാറിംഗ് പ്രവർത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ നിന്ന് വ്യത്യസ്തമായി തുക നല്കി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഇനം | എസ്റ്റിമേറ്റിലെ നിരക്ക് | കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് | അളവ് പുസ്തകം പ്രകാരം നൽകിയ നിരക്ക് | അളവ് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|---|---|
| 1 | 3.5.1 (എസ്കവേഷൻ ) | 242.75/ ക്യൂബിക് മീറ്റർ | 242/ ക്യൂബിക് മീറ്റർ | 50/ ക്യൂബിക് മീറ്റർ | 15.53 | 776.50 | 3758.26 |
| 2 | 4.9 (ഡബ്ല്യൂ.എം.എം) | 3026/ക്യൂബിക് മീറ്റർ | 3020/ ക്യൂബിക് മീറ്റർ | 300/ ക്യൂബിക് മീറ്റർ | 13.5 | 4050 | 40770 |
| 3 | 75.5.1.1 Pb (പ്രൈം കോട്ട്) | 75.5/ ചതുരശ്ര മീറ്റർ | 75/ ചതുരശ്ര മീറ്റർ | 66/ ചതുരശ്ര മീറ്റർ | 90 | 5940 | 6750 |
| 4 | 75.5.2.2pb (ടാക് കോട്ട്) | 14.12/ ചതുരശ്ര മീറ്റർ | 14/ ചതുരശ്ര മീറ്റർ | 13/ ചതുരശ്ര മീറ്റർ | 90 | 1170 | 1260 |
| 5 | 75.5.2.1pb | 11.79/ ചതുരശ്ര | 11/ | 25/ | 1349.90 | 33747.50 | 14848.90 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (ടാക് കോട്ട്) | മീറ്റർ | ചതുരശ്ര മീറ്റർ | ചതുരശ്ര മീറ്റർ | | | |
| 6 | 75.5.9.1.2pb ( 20 എം.എം പ്രീമിക്സ് കാർപ്പെറ്റ്) | 167.12/ ചതുരശ്ര മീറ്റർ | 167/ ചതുരശ്ര മീറ്റർ | 161/ ചതുരശ്ര മീറ്റർ | 1439.90 | 231823.90 | 240463.30 |
| 7 | 75.5.12.a.3.2pb (സീൽകോട്ട്) | 66.55/ ചതുരശ്ര മീറ്റർ | 66/ ചതുരശ്ര മീറ്റർ | 68/ ചതുരശ്ര മീറ്റർ | 1439.90 | 97913.2 | 95033.40 |
| 8 | 75.5.5.b.2pb (മോഡി ഫൈഡ് പിനിട്രേഷൻ മക്കാഡം) | 344.50/ ചതുരശ്രമീറ്റർ | 343/ ചതുരശ്ര മീറ്റർ | 600/ ചതുരശ്ര മീറ്റർ | 133.49 | 80094 | 45787.07 |
| 9 | ഓ.ഡി- കോൺക്രീറ്റ് | 7711.54/ ക്യൂബിക് മീറ്റർ | 7700/ ക്യൂബിക് മീറ്റർ | 7700/ ക്യൂബിക് മീറ്റർ | 3.662 | 28197.4 | 28197.40 |
| ആകെ | | | | | | 483712.50 | 476868.33 |

അളവ് പുസ്തകം പ്രകാരം കരാറുകാരന് 6844.17/- രൂപ അധികം പ്രവൃത്തി മൂല്യം കണക്കാക്കി തുക നൽകി. വിശദാംശം താഴെ കൊടുക്കുന്നു.

<u>കരാറുകാരന് നൽകിയത്</u>

പ്രവൃത്തി മൂല്യം-483712.50/-

റിക്കവറി-ഐ.ടി 2 %- 9674/-

ജി.എസ്.ടി- 2 %-9674/-

കെ.സി.ഡബ്യൂ.ഡബ്യൂ.എഫ്-4837/-

ആകെ റിക്കവറി-24185/-

കരാറുകാരന് നൽകിയത്- 459528/-

<u>കരാറുകാരന് നൽകേണ്ട തുക</u>

പ്രവൃത്തി മൂല്യം-476868/-

റിക്കവറി-ഐ.ടി 2 %- 9537/-

ജി.എസ്.ടി- 2 %-9537/-

കെ.സി.ഡബ്യൂ.ഡബ്യൂ.എഫ്-4595/-

ആകെ റിക്കവറി-23669/-

കരാറുകാരന് നൽകേണ്ട തുക- 453199/-

അധികം നൽകിയ തുക- 6329/-രൂപ

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.20/ 2019-20/09.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ തുകയും റിക്കവറി ഇനത്തിൽ അധികം ഈടാക്കിയ തുകയും തിരിച്ച് പിടിച്ച് സഞ്ചിത നിധിയിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പ്രവർത്തി രൂപീകരണ-നിർവ്വഹണഘട്ടങ്ങളിലെ പൊതു അപാകതകൾ

1)ടെണ്ടർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ഓഡിറ്റിന് ഹാജരാക്കിയ 2019-20 വർഷത്തെ ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തീയതി, പി.എ.സി, അടവാക്കിയ നിരത ദ്രവ്യത്തിന്റെ വിശദാംശം, ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ സാക്ഷ്യപ്പെടുത്തൽ, കരാർ ലഭിച്ച കരാറുകാരന്റെ വിശദാംശം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. അസി.എഞ്ചിനീയർ വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നുമില്ല.

2) പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല-ഫണ്ട് ലാപ്സാകുന്നു

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പകുതിയോളം പദ്ധതികൾ നടപ്പിലായില്ല. ചെലവ് വളരെ കുറവാണ് (30 %). ആയതിനാൽ കോടി കണക്കിന് രൂപയുടെ ഫണ്ട് ലാപ്സായി. ആയതിന്റെ വിശദാംശം താഴെകൊടുക്കുന്നു.

| പുതിയ | സ്പിൽ ഓവർ | ആകെ | ആകെ | ഫണ്ട് |
|---|---|---|---|---|

| പദ്ധതികൾ/ നടപ്പിലാക്കിയത് | പദ്ധതികൾ/ നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് | ലാപ്സായത് |
|---|---|---|---|---|
| 33 /11 | 21/12 | 28727688 | 81,87466 (28.5%) 72,78,060/- രൂപയുടെ ബില്ലുകൾ ക്യൂബില്ലുകൾ ഇതിനു പുറമേയുണ്ട് | 2, 05, 40, 222 (71.5 %) |

3) പദ്ധതിയിൽ നിർമ്മിച്ച ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1)കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റ പണി, ഓപ്പൺ സ്റ്റേജ് നിർമ്മാണം പദ്ധതിയിൽ നിർമ്മിച്ച ഓപ്പൺ സ്റ്റേജ് പരിപാടികൾക്ക് ഉപയോഗിക്കാതെ അവിടെ പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നു.

2)കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റ പണി പദ്ധതിയിൽ വിരിച്ച സിമെന്റ് ഇന്റർലോക്കുകൾ പലഭാഗത്തും പൊട്ടിയുണ്ട്.

3) പ്രോജക്ട് നം.117/2019-20-ൽ നിർമ്മിച്ച വിജയകലാവേദി കോറോത്ത് മുക്ക് റോഡിന് തൊട്ടടുത്ത എടച്ചേരി-ഇരിങ്ങന്നൂർ റോഡുമായി കണക്ടിവിറ്റി ഇല്ല.

4) പ്രോജക്ട് നം.117/2019-20-ൽ നിർമ്മിച്ച എം.സി.എഫിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയില്ല. മാലിന്യം കുന്നുകൂടിയിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/ 2019-20/09.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയും നിർവ്വഹണം കാര്യക്ഷമമാക്കിയും ഫണ്ട് പാഴാകുന്നത് ഒഴിവാക്കേണ്ടതാണ്. പദ്ധതികളുടെ ഗുണം പൂർണ്ണമായി ലഭിക്കുന്ന രീതിയിൽ സമഗ്രമായി നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-19 ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം സംബന്ധിച്ച് വ്യക്തതയോ, തിരികെ ഈടാക്കാൻ നടപടികളോ ഇല്ല

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം സംയുക്ത

പ്രോജക്ടുകൾക്കായി മുൻവർഷങ്ങളിൽ ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാലൻഷീറ്റ് ഷെഡ്യൂൾഡ് B4 പ്രകാരം 983016 രൂപയുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ എക്കൌണ്ടിൽ 210000/- രൂപ മാത്രമെ നീക്കിയിരിപ്പ് കാണുന്നു. അവശേഷിക്കുന്ന തുക ഏത് എക്കൌണ്ടിൽ അവശേഷിക്കുന്നു എന്ന വ്യക്തമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്തിൽ ഈ ആവശ്യത്തിനായി സൂക്ഷിച്ച എ.സി.ആർ. പരിശോധിച്ചതിൽ ആയത് പ്രകാരം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 234700/- രൂപയുടെ വിശദാംശം മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാലൻസ് ഷീറ്റ് ഷെഡ്യൂൾഡ് B4ൽ Code 320700104 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 748316/- രൂപ സംബന്ധിച്ച വിശദ വിവരങ്ങളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല.

സ.ഉ.എം.എസ് നമ്പർ 11/18 ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 3.5.4 ൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പാലിക്കാതെ സംയുക്ത പ്രോജക്ടുകൾ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്നത് മൂലമാണ് പ്രോജക്ടുകൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്താതെ ജില്ലാ/ബ്ലോക്ക് വിഹിതം കൈമാറുന്നതിന് കാരണമാവുന്നതും തുക ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതും. ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 983016/- രൂപ സംയുക്ത പ്രോജക്ടുകൾക്കുള്ള ജോയിന്റ് വെഞ്ചർ എക്കൌണ്ടിന് പുറമെ ഏതെല്ലാം എക്കൌണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു എന്നത് ഉൾപ്പടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വിവിധ പ്രോജക്ടുകൾക്ക് ലഭ്യമായ തുകയിൽ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കാത്തതിന് കാരണം വിശദമാക്കേണ്ടതുമാണ്.

1-20 തരിശ് കിടക്കുന്ന നെൽപാടങ്ങൾ കൃഷിക്കനുയോജ്യമാക്കാൻ നടപടികളില്ല

ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കൃഷിക്കനുയോജ്യമായ 1002 ഹെക്ടർ ഭൂമിയിൽ നെൽകൃഷിക്കനുയോജ്യമായ 75 ഹെക്ടർ ഭൂമിയുണ്ട്. ആയതിൽ 40 ഹെക്ടർ സ്ഥലത്ത് നിലവിൽ നെൽകൃഷി ചെയ്തുവരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിക്കനുയോജ്യമായ 35 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നില്ല എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷി ചെയ്യാൻ അനുയോജ്യമായിട്ടും കൃഷി ചെയ്യാതെ തരിശാക്കിയിട്ടിരിക്കുന്ന നെൽ വയലുകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. എല്ലാ വർഷവും ജില്ല/ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ 30 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് കൂലി ചെലവ് നൽകുന്നതിൽ മാത്രമായി

ഒതുങ്ങുന്ന നെൽകൃഷി വികസനത്തിനായുള്ള പഞ്ചായത്തിന്റെ പ്രോജക്ടുകൾ. സ.ഉ.നമ്പർ 11/18 ത.സ്വ.ഭ.വ. തി 29.1.18 ഖണ്ഡിക 7.1.6എ(5) ൽ ഭക്ഷ്യവിളകളുടെ വിള വിസ്തൃതിയും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രോജക്ടുകൾക്ക് കാർഷിക മേഖലയിൽ പ്രാധാന്യം നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതേപോലെ പ്രസ്തുത മാർഗരേഖ ഖണ്ഡിക 7.1.6 എ(11) പ്രകാരം തരിശുഭൂമിയിൽ കൃഷി പ്രൊത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി കൃഷി യോഗ്യമാക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ പരമാവധി ശ്രദ്ധിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരം നടപടികളൊന്നും പഞ്ചായത്ത് തലത്തിൽ കൈകൊണ്ട് കാണുന്നില്ല. ബന്ധപ്പെട്ട കൃഷി, ജലസേചനം, ഫിഷറീസ് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ തൊഴിലുറപ്പ് പദ്ധതി സഹായത്താൽ തരിശുകിടക്കുന്ന നെൽപാടങ്ങൾ കൃഷിക്കനുയോജ്യമാക്കുന്നതിന് നടപടികൾ വേണമെന്ന് പ്രോജക്ട് നിർദ്ദേശമുണ്ടെങ്കിലും അത്തരം പ്രവർത്തനങ്ങളും നടന്നു കാണുന്നില്ല. കൃഷിക്കനുയോജ്യമായ നെൽപാടങ്ങൾ ഉണ്ടായിട്ടും ആയതിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഇല്ലാത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

1-21 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

2019-20 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി കുട്ടികൾക്ക് പഠനമുറി (പ്രൊജക്ട് നം.17/19-20) എന്ന പദ്ധതിയിൽ ശ്രീമതി.സജിന, പിറ്റോള്ളതിൽ (സായന്ത് എന്ന കുട്ടിയുടെ അമ്മയ്ക്ക്) 21.01.2020 ന് ബിൽ നമ്പർ 9/19-20 പ്രകാരം 50,000/- രൂപയും, 04.03.2020 ന് ബിൽ നമ്പർ 15/19-20 പ്രകാരം 40,000/- രൂപയും നൽകിയിട്ടുണ്ട് (ആകെ - 90,000). എന്നാൽ മുൻകൂർ തുക നൽകി 2 വർഷം കഴിഞ്ഞിട്ടും, പണി പൂർത്തിയാക്കി ബാക്കി തുക അനുവദിക്കാത്തതിനു വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/19-20, തീ-08.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 08.03.2022 ന് നടത്തിയ സ്ഥലപരിശോധനയിൽ, പഠനമുറി ലിൻഡൽ വരെ പണി ചെയ്തതായി കണ്ടു. പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-22 അങ്കണവാടി ഭക്ഷ്യ സാധനങ്ങളുടെ വിതരണം - ടെണ്ടർ ചെയ്തില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 79/20

പ്രോജക്ട് : അങ്കണവാടി പോഷകാഹാരം

2019-20 വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിലെ അങ്കണവാടികളിലെ മൂന്നു വയസ്സു മുതൽ ആറു വയസ്സു വരേയുള്ള കുട്ടികൾക്ക് പോഷകാഹാരം

നൽകുന്നതിനുള്ള ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിലെത്തിച്ചതിനായി കിലോഗ്രാമിന് 3.5 രൂപ നിരക്കിൽ ആകെ 103,200/- രൂപ ശ്രീ.തറമ്മൽ പവിത്രൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ.

| | ബിൽ /ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 1/26-08-19 | 28,496 |
| 2 | 2/30-09-19 | 16,993 |
| 3 | 026291/27-11-19 | 28,339 |
| 4 | 0845876/16-02-20 | 29,372 |
| | | 103,200 |

ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിലെത്തിക്കുന്നതിനായി കിലോഗ്രാമിന് 3.5 രൂപ നിരക്കിൽ തയ്യാറാണെന്ന പവിത്രന്റെ 30.12.2019 ലെ ക്വട്ടേഷന് ഭരണസമിതി 06.01.2020ലെ 3/3/2020(4) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 06.01.2020-ൽ മാത്രമാണ് ക്വട്ടേഷന് അംഗീകാരം നൽകിയതെങ്കിൽ മേൽ കാണിച്ച പട്ടികയിലെ ക്രമ നമ്പർ 3 വരേയുള്ള തുകകൾ നൽകിയിരിക്കുന്നത് ഒരു ക്വട്ടേഷന്റെ പോലും പിൻബലമില്ലാതെയാണ്.ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ തിയ്യതി. 08.11.2010 പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ച് 100,000/- രൂപയിൽ അധികരിച്ചുള്ള സാധന സേവനങ്ങളുടെ സമാഹരണം ടെണ്ടർ മുഖേനയായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. സർക്കാരിന്റെ നിർദ്ദേശം മറികടന്ന് ടെണ്ടർ/ക്വട്ടേഷൻ മുഖേനയല്ലാതെ ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിലെത്തിച്ചതിനായി 103,200/- രൂപ ശ്രീ.തറമ്മൽ പവിത്രന് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 9/2019-20 ന് മറുപടി നൽകിയിട്ടില്ല. ടെണ്ടർ/ക്വട്ടേഷൻ മുഖേനയല്ലാതെ ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിലെത്തിച്ചതിനായി നൽകിയ 103,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കാതെ കരാറുകാരനെ തിരഞ്ഞെടുത്തതിന് ഉത്തരവാദപ്പെട്ടവർ മറുപടി നൽകേണ്ടതാണ്.

## 1-23 അങ്കണവാടി പോഷകാഹാരം പദ്ധതി - മോണിട്ടറിംഗ് ഫലപ്രദമല്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 79/20

പ്രോജക്ട് : അങ്കണവാടി പോഷകാഹാരം

2019-20 വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന മൂന്നു വയസ്സു വരേയുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്യുതിനും അങ്കണവാടികളിലെ മൂന്നു വയസ്സു മുതൽ ആറു വയസ്സു വരേയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിയതിനുമായി 38,90,250/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ.

| | ബിൽ /ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 1/26-08-19 | 588,919 |
| 2 | 2/30-09-19 | 563,435 |
| 3 | 3/19-11-19 | 45,116 |
| 4 | 5/19-11-19 | 413,821 |
| 5 | 026291/27-11-19 | 264,844 |
| 6 | 8/28-01-20 | 26,703 |
| 7 | 11/14-02-20 | 2356 |
| 8 | 0845876/16-02-20 | 213,175 |
| 9 | 0845877/18-02-20 | 1312,782 |
| 10 | 0845880/18-03-20 | 459199 |
| | | 38,90,250 |

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2019-20 കാലഘട്ടത്തിൽ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് 2തവണയാണ് മീറ്റിംഗ് കൂടിയത്. 10-01-2020 ലും 29-02-2020 ലുമാണ് യോഗങ്ങൾ നടന്നത്. ഈ യോഗങ്ങളിലൊന്നും തന്നെ മോണിട്ടറിംഗ് സംബന്ധിച്ച യാതൊരു ചർച്ചകളും നടത്തിയിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ

ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ). മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി). 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി). 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു.

അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കാതിരുന്നതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ്. (ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 11/2019-20 ന് മറുപടി നൽകിയിട്ടില്ല.)

1-24 ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 79/20

പ്രോജക്ട് : അങ്കണവാടി പോഷകാഹാരം

2019-20 വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി 1023,857/- രൂപ ചെലവഴിച്ച് എടച്ചേരി, കച്ചേരിയിലെ നോബിൾ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിൽ നിന്നും 13,565 Kg ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ 30 അങ്കണവാടികൾ മുഖേന അതാതു അങ്കണവാടി പരിധിയിലുള്ള മൂന്നു വയസ്സുവരേയുള്ള കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഹൈജീനിക് ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിവരങ്ങൾ താഴെ പറയുന്നു.

| | ബിൽ /ചെക്ക് | തുക | ന്യൂട്രിമിക്സ് അളവ് (Kg) |
|---|---|---|---|
| 1 | 1/26.08.2019 | 155,603 | 2061 |
| 2 | 2/30.09.2019 | 155,681 | 2062 |

| | | | |
|---|---|---|---|
| 3 | 026291/27.11.2019 | 236,505 | 3135.5 |
| 4 | 0845876/16.02.2020 | 183,803 | 2435.5 |
| 5 | 0845877/18.02.2020 | 76,696 | 1015.875 |
| 6 | 0845880/18.03.2020 | 215,569 | 2855.125 |
| | | 10,23,857 | 13565 Kg |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ചുള്ള ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ലാബ് റിപ്പോർട്ട് ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 10/2019-20 ന് മറുപടി നൽകിയിട്ടില്ല. 10,23,857/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം-മാലിന്യ കൂമ്പാരം-അടിസ്ഥാനസൌകര്യങ്ങളുമില്ല

എ)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം (പ്രോജക്ട് നം.122/2019-20) |
| അക്രഡിറ്റഡ് ഏജൻസിയുടെ പേര് | ഇരിങ്ങന്നൂർ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി |
| അടങ്കൽ തുക | കേന്ദ്രാവിഷ്കൃത ഫണ്ട്-461364/- |
| ചെലവ് | ചെക്ക് നം.2627829/08.08.2019/434820/- |
| എം.ബുക്ക് നം | 133/18-19,101/18-19 |
| കരാർ | 34/2018-19/03.12.2018 |
| പൂർത്തീകരണ | 6 മാസം |

| | |
|---|---|
| കാലയളവ് | |

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ഉപയോഗ യോഗ്യമായത് വിപണനം ചെയ്യുക വഴി മാലിന്യ സംസ്കരണം, തൊഴിൽ പ്രോത്സാഹനം എന്നിവ ലക്ഷ്യം വെച്ച് ഇരിങ്ങന്നൂരിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. 7,73,456/- രൂപയാണ് ആകെ പ്രവൃത്തി മൂല്യം. ആയതിൽ രണ്ടാമത്തെയും അവസാനത്തെയും ബില്ലായി 4,34,820/- രൂപ ചെലവഴിച്ചത് 2019-20 – ൽ ആണ്. ഓഡിറ്റിന്റെ ഭാഗമായി 08.03.2022-ന് പഞ്ചായത്ത് അധികൃതരൊടൊപ്പം ഇരിങ്ങന്നൂരിൽ നിർമ്മിച്ച എം.സി.എഫ്-ൽ സ്ഥലപരിശോധന നടത്തി. 2019 ഒക്ടോബർ 2 -ന് എം.സി.എഫി-ന്റെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. എം.സി.എഫ് ഒരു മാലിന്യ കൂമ്പാരമായി കാണപ്പെട്ടു. കെട്ടിടത്തിന്റെ ഹാളിനകത്തും സ്വാപ് ഷോപ്പ് മുറിക്കകത്തും കെട്ടിടത്തിന്റെ പരിസരങ്ങളിലും അതിനോട് ചേർന്നുള്ള പഴയ വെറ്റിനറി സബ്സെന്ററിനകത്തും പുതുതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന ടേക്ക് എബ്രേക്ക് കെട്ടിടത്തിന്റെ (സാനിറ്ററി മാർട്ട്) പരിസരത്തും ക്ഷേത്രത്തിന്റെ മതിലിനോട് ചേർന്നും സർവ്വത്ര പുനരുപയോഗസാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾകൂട്ടിയിട്ടിരിക്കുന്നു. കൂടാതെ കെട്ടിടത്തിന്റെ വലത് ഭാഗത്ത് ടൗണിൽ നിന്നുള്ള ജൈവ മാലിന്യവും കൂട്ടിയിട്ടുണ്ട്. മാലിന്യ കൂമ്പാരം കാരണം കെട്ടിടത്തിനകത്തേക്ക് കാല് കുത്താൻ പോലും സാധിക്കാത്ത അവസ്ഥയാണ്. കെട്ടിടത്തിൽ രണ്ട് ശുചിമുറികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും വെള്ളം ലഭ്യമല്ല. കെട്ടിടത്തിൽ വൈദ്യുതിയും ഇല്ല. തീപിടുത്ത മുൻകരുതൽ സംവിധാനങ്ങളും സ്ഥാപിച്ചിട്ടില്ല. കെട്ടിടത്തിലേക്കുള്ള വഴിയുടെ വീതി കുറവായതിനാൽ ടേക്ക് എബ്രേക്ക് കെട്ടിടത്തിന്റെ അരികിലൂടെയാണ് മാലിന്യങ്ങൾ കൊണ്ടു വരുന്നത്. ജലനിധി പദ്ധതിയുടെ കീഴിൽ നിർമ്മിച്ച കിണറിന് സമീപത്തും അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ടിട്ടുണ്ട്. എം.സി.എഫ്-ന്റെ സ്ഥലത്തിലൂടെ ക്ഷേത്രത്തിന് വഴി വിട്ടുകൊടുത്തതായി കണ്ടു.

മാലിന്യ മുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷനിൽ ഉൾപ്പെടുത്തി കൊണ്ടുള്ള സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം.159/2016 /തസ്വഭവ തീയതി 06.11.2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന്, പൗരൻമാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയമാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉത്പ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന.ചക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുക എന്നിവ

നടപ്പാക്കുക വഴി സീറോ വെസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിതസഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരളമിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചു. ശുചിത്വമാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതാണ്. അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടത് ഹരിതസഹായ സ്ഥാപനത്തിന്റെ ചുമതലയാണ്. ഹരിതകർമ്മസേന കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക,എം.സി.എഫ്-ൽ അടിസ്ഥാന സൌകര്യങ്ങൾ ഉറപ്പുവരുത്തുക ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുക എന്നിവ പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളാണ്. മാലിന്യ ശേഖരണത്തിന് പ്രവർത്തന കലണ്ടർ തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യേണ്ടത് ക്ലീൻകേരള കമ്പനിയുടെ ഉത്തരവാദിത്വവുമാണ്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ എല്ലാം നടത്തി കൊണ്ടുപോകുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ കുറഞ്ഞ തോതിൽ മാത്രം തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ടിൽ നിന്നു ചെലവാകുന്നുള്ളൂവെന്നു സമീപനവും സ്വീകരിക്കേണ്ടതാണ്.

എന്നാൽ മേൽ പരാമർശിച്ച ഉത്തരവുകൾ പാലിച്ചു കൊണ്ടല്ല ഇരിങ്ങന്നൂരിൽ സ്ഥാപിച്ച എം.സി.എഫ് പ്രവർത്തിക്കുന്നത്. 2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.5.1 പ്രകാരം (സ.ഉ.(കൈ)നം.11/2018/ ത.സ്വ.ഭവ തീയതി 29.01.2018) ഒരു കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എല്ലാം കൂടി ഒറ്റ പ്രോജക്ട് തയ്യാറാക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. അവിടെ നാളിതുവരെയായി വെള്ളം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കിയില്ല. ആയതിനാൽ ഹരിതകർമ്മസേന പ്രവർത്തകർക്ക് കുടിവെള്ള സൌകര്യമില്ല. ശുചിമുറി ഉപയോഗിക്കുവാനും കഴിയില്ല. സ.ഉ(ആർ.ടി)113/2021/തസ്വഭവ തീയതി 16.01.2021, സർക്കുലർ നം. 4/ഡിസി1/2021/തസ്വഭവ തീയതി 11.10.2021, സർക്കുലർ

നം.ഡബ്യു.എം.1/40/ 2022/02.02.2022 എന്നിവ പ്രകാരമുള്ള തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. ക്ലീൻ കേരള കമ്പനിയുമായി 20.04.2021-ന് കരാറിലേർപ്പെട്ടുണ്ടെങ്കിലും അവർ കൃത്യമായ ഇടവേളകളിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നില്ല. ജൈവമാലിന്യങ്ങളും എം.സി.എഫ് പരിസരത്ത് കൂട്ടിയിട്ടിട്ടുണ്ട്. എം.സി.എഫിന്റെ സ്ഥലത്തു കൂടി ക്ഷേത്രത്തിന് വഴി വിട്ടുകൊടുത്തതിന്റെ നിജസ്ഥിതി വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി-19/2019-20/ 09.03.2022-ന് മറുപടി ലഭ്യമാക്കിയില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉത്പ്പാദനം കുറച്ചുകൊണ്ടുവരിക, ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിക്കുക, എം.സി.എഫ് -ൽ അടിസ്ഥാന സൌകര്യങ്ങൾ അടിയന്തരമായി ഒരുക്കുക, മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുക, അവിടെ നിന്ന് അവ യഥാസമയം നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുക എന്നിവ പ്രാവർത്തികമാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. മാലിന്യസംസ്കരണ സംവിധാനങ്ങൾ എല്ലാം നടത്തി കൊണ്ടുപോകുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ കുറഞ്ഞ തോതിൽ മാത്രം തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ടിൽ നിന്നു ചെലവാകുന്നുള്ളൂവെന്ന സമീപനവും സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിതകേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉത്പ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വെസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത്, ഹരിതകർമ്മസേന, ഹരിതസഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി ഹരിതകേരള മിഷൻ എന്നിവരുടെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്. ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

### 1-26 ആശ്രയപരിചരണ സേവന പാക്കേജ് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം വിനിയോഗിച്ചു

| | |
|---|---|
| പ്രൊജക്റ്റ് | ആശ്രയപരിചരണ സേവന പാക്കേജ് പദ്ധതി- പ്രൊജക്റ്റ് നം.43/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| ചെലവ് | 19170352015101143115/2019-20/25.01.2020 /-1,00000/- |

ആശ്രയ ഗുണഭോക്താക്കൾക്ക് പരിചരണം നൽകുന്നതിനായി പദ്ധതിയിൽ 1,00000/- രൂപ

സി.ഡി.എസ്സിന് കൈമാറി. മുൻവർഷം കൈമാറിയ 1,00000/- രൂപയടക്കം 2,00000/- രൂപ ലഭിച്ചതിൽ 2426/-രൂപ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി ചെലവഴിച്ചതൊഴിച്ച് (2018-19-ൽ ലഭിച്ച തുക) യാതൊരു തുടർ പ്രവർത്തനവും നടത്തിയില്ല. ബാക്കി തുക ഭക്ഷണ വിതരണത്തിന് ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതി കുടുംബങ്ങൾക്ക് ചികിത്സക്ക് ആവശ്യമായ തുക കുടുംബശ്രീ ചലഞ്ച് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി പദ്ധതി പണം ഉപയോഗിക്കുകയാണ് ഉണ്ടായത്. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.24/2019-20/09.03.2022-ന് മറുപടി ലഭ്യമാക്കിയില്ല.

അഗതിരഹിതകേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭക്ഷ്യകിറ്റ് വിതരണത്തിനും ചികിത്സയ്ക്കും തുക ചെലഴിക്കേണ്ടത് ചലഞ്ച് ഫണ്ടിൽ നിന്നാണ്. ആയതിനാൽ ഈയിനത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക കുടുംബശ്രീ ചലഞ്ച് ഫണ്ടിൽ നിന്നും കണ്ടെത്തി തിരികെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. 2019-20 വർഷം പദ്ധതിയിൽ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

1-27 ഭവനപുനരുദ്ധാരണത്തിന് ലഭിച്ച തുക വിനിയോഗിച്ചില്ല

| | |
|---|---|
| പ്രോജക്ട് | ഭവനപുനരുദ്ധാരണം (എസ്.സി)- പ്രോജക്ട് നം.51/2018-19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| ചെലവ് | 18170352201000l034058/07.01.2019/ 50,000 /-<br>18170352010000978342/22.12.2018/150000/-<br>18170352015101167539/07.02.2019/50,000/-<br>18170352015101390460/16.03.2019/50,000/-<br>ആകെ-3,00000/- |

ഭവന പുനരുദ്ധാരണത്തിന് ഒന്നാം ഗഡുവായി (മുൻകൂറായി) 50,000/- രൂപ 22.12.2018-ന് കൈപ്പറ്റിയ ശ്രീമതി.രമണി.എം.വി , മാരാം വീട്ടിൽ എന്ന ഗുണഭോക്താവ് (വാർഡ് -7,വീട്ട് നമ്പർ 334) നാളിതുവരെ രണ്ടാം ഗഡു കൈപ്പറ്റാത്തത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവിന്റെ അപേക്ഷയോ അവർ തയ്യാറാക്കിയ എസ്റ്റിമേറ്റോ കരാറോ ഇല്ലാതെയാണ്(ഫയലിൽ ലഭ്യമായ സമ്മതപത്രത്തിൽ യാതൊരു വ്യവസ്ഥയും രേഖപ്പെടുത്തിയിട്ടില്ല)

മുൻകൂർ നൽകിയതെന്ന് കണ്ടു. ആയതിനാൽ 08.03.2022 -ന് പഞ്ചായത്ത് അധികൃതരൊടൊപ്പം സ്ഥലപരിശോധന നടത്തി. അവരുടെ വീട് കോൺക്രീറ്റ് മേൽക്കൂരയാണെന്നും പുറത്ത് തേച്ചിട്ടില്ലായെന്നും കണ്ടു. എങ്കിലും വീട് വാസയോഗ്യമാണ്.

അവർ പഞ്ചായത്ത് നൽകിയ തുകയുപയോഗിച്ച് യാതൊരു പ്രവർത്തിയും നടത്താത്തതിനാലാണ് അവർക്ക് അവസാനഗഡു നൽകാത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. നൽകിയ തുക ഉപയോഗിച്ച് യാതൊരു പ്രവത്തിയും നടത്തിയിട്ടില്ലായെന്ന് സ്ഥലപരിശോധന വേളയിൽ ഗുണഭോക്താവും അറിയിച്ചു.

ഗുണഭോക്താവിന്റെ അപേക്ഷയോ അവർ തയ്യാറാക്കിയ എസ്റ്റിമേറ്റോ കരാറോ ഇല്ലാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ 50,000/- രൂപ മുൻകൂർ നൽകിയത്. ഗുണഭോക്താവിന് ഭവന പുരുദ്ധാരണം നടത്തേണ്ട യാതൊരു ആവശ്യവുമില്ലാതിരിക്കെ പദ്ധതി പണം നൽകിയതു കൊണ്ടാണ് നാളിതുവരെയായി ഗുണഭോക്താവ് യാതൊരു പ്രവർത്തിയും നടത്താത്തത്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ച്ചയാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 പ്രകാരം (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018) പദ്ധതിയിൽ ലഭിച്ച തുക നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കാത്തത് സബ്സിഡി മാർഗ്ഗരേഖ സബ്ഡിഡി മാനദണ്ഡങ്ങളുടെ ലംഘനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവ്യയവുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 22/2019-20/09.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. ഫണ്ട് യഥാവിധി വിനയോഗിക്കാത്തത് നാളിതുവരെ നിർവ്വഹണ ഉദ്യോഗസഥരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതിന് വിശദീകരണം നൽകേണ്ടതും നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കാത്ത തുക 18% പലിശ നിരക്കിൽ തിരികെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതുമാണ്.

## 1-28 അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

അഗതിരഹിത കേരളം പദ്ധതി മാർഗ്ഗ രേഖയായ സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം പഞ്ചായത്തിൽ വളരെ ക്ലേശമനുഭവിക്കുന്ന 107 അഗതി കുടുംബങ്ങളാണുള്ളത്. പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും അവർക്ക് ആവശ്യമായ ഭക്ഷണം, ഭൂമി, വീട്, ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും, തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ മൂന്ന് വർഷം കൊണ്ട് (2021-22 കാലയളവിനുള്ളിൽ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 09.03.2019-ലെ

കെഎസ്/എൽ/513/2019 ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷണം, വീട്, ചികിത്സ, ഭൂമി, വസ്ത്രം, ഭവന പുനരുദ്ധാരണം, മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 1,62,43,090/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്.(പ്ലാൻ ഫണ്ട്-1,26,43,000/-+ ചലഞ്ച് ഫണ്ട്-33,66090/- രൂപ, സ്പോൺസർഷിപ്പിലൂടെ സമാഹരിക്കുന്നത് 2,34,000/-). മുൻ ആശ്രയ പദ്ധതികൾക്ക് ചെലവഴിച്ചതിന്റെ ചലഞ്ച് ഫണ്ട് ബാക്കിയായി 13,56,850/- രൂപയുള്ളതിനാൽ ഒന്നാം ഗഡു അനുവദിച്ചില്ല.

അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുന്നതിന് കുടുബശ്രീ ചലഞ്ച് ഫണ്ട് യഥാക്രമം 25,16,400/-, 6,84,900/-, 22500/- രൂപയും വീട്, വീട് പുനരുദ്ധാരണം, ഭൂമി, കുടിവെള്ളം തുടങ്ങിയവയ്ക്കായി യഥാക്രമം 80,00,000/- (20 പേർക്ക്), 29,00,000/- (21 പേർക്ക്), 1,50,000/- (ഒരാൾക്ക്), 15,60,000/- (40 പേർക്ക്) പദ്ധതി വിഹിതവുമാണ് വകയിരുത്തേണ്ടത്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു

1)ഓഡിറ്റിന് സി.ഡി.എസ് ഹാജരാക്കിയ രേഖകൾ പ്രകാരം 01/2022 വരെ ഭക്ഷ്യ വിതരണത്തിന് 15,23,810/- രൂപ ചെലവഴിച്ചിട്ടുണ്ട് ( 2,00000/- രൂപ പ്ലാൻ ഫണ്ട് അടക്കം). ചികിത്സക്കും വിദ്യാഭ്യാസത്തിനും തുകയൊന്നും ചെലവഴിച്ചില്ല. ആശ്രയ പരിചരണ പദ്ധതിയിൽ സി.ഡി.എസ്സ്-ന് 2018-1, 2019-20 വർഷങ്ങളിലായി ലഭിച്ച 2,00000/-രൂപയിൽ 2426/- രൂപ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി ചെലവഴിച്ചുവെങ്കിലും തുടർനടപടിയൊന്നും ഉണ്ടായില്ല. കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ ഒന്നാം ഗഡുവായി ലഭിച്ച തുക പോലും പൂർണ്ണമായി ചെലവഴിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.

കുടുംബശ്രീ മിഷന്റെ ലിസ്റ്റ് പ്രകാരം 20 ഗുണഭോക്താക്കൾക്ക് വീടിന് 40,00000/- രൂപ വകയിരുത്തിയെങ്കിലും നിലവിൽ മൂന്ന് ഗുണഭോക്താക്കൾക്ക് മാത്രമേ വീട് ലഭ്യമാക്കിയിട്ടുള്ളൂ. 21 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് 29,00000/- രൂപ വകയിരുത്തിയതിൽ രണ്ട് പേർക്ക് മാത്രം നൽകി. 40 പേർക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 15,60,000/-രൂപ വകയിരുത്തിയെങ്കിലും ആർക്കും ഈ പദ്ധതിയിൽ കണക്ഷൻ ലഭ്യമാക്കിയില്ല. ജലനിധി പദ്ധതിയിൽ പഞ്ചായത്ത് ഇവർക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയോ എന്നതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി നടത്തിപ്പിലേക്കാവശ്യമായ നിർബന്ധിത ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം (യഥാക്രമം 10%, 15%) തൻവർഷം ലഭ്യമായില്ല.

3) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള ഉപസമിതി മൂന്ന് മാസം കൂടുമ്പോൾ പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് സമിതി മിനിട്സ്

പരിശോധിച്ചതിൽ യഥാസമയം കമ്മിറ്റി കൂടി പദ്ധതി മോണിറ്റർ ചെയ്തതായി കാണുന്നില്ല. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/2019-20/ 09.03.2022-ന് മറുപടി ലഭ്യമാക്കിയില്ല.

കൃത്യവും കാര്യക്ഷമവുമായ മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവം മൂലമാണ് സമൂഹത്തിന്റെ സവിശേഷ പരിഗണ അർഹിക്കുന്ന ഈ വിഭാഗത്തിന് അർഹമായ ഫണ്ട് ചലഞ്ച് ഫണ്ടും പദ്ധതി പണവും വകയിരുത്തി ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമായത്. അഗതികളുടെ സമഗ്രമായ വികസനത്തിന് ലഭിച്ച വിവിധ ഫണ്ടുകൾ പാഴായി പോകാതെ വകയിരുത്തി ചെലവഴിക്കുന്നതിന് അടിയന്തിരമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അഗതികളുടെ വീട്, വീട് പുനരുദ്ധാരണം, കുടിവെള്ളം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ വിവിധ ക്ലേശഘടകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-29 പഞ്ചായത്തിലെ മുഴുവൻജലനിധി പദ്ധതികളും നാളിതുവരെ പ്രവർത്തനക്ഷമമായില്ല

ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭം കുറിച്ച ജലനിധി പദ്ധതി പ്രകാരം നാളിതുവരെ 34 കുടിവെള്ള പദ്ധതികൾ മാത്രമെ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്ക പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് എക്സിറ്റ് ആയിട്ടുള്ളു. 28-9.2019 ൽ ചേർന്ന ഭരണസമിതി യോഗത്തിലെ അജണ്ട 7 തീരുമാനം നമ്പർ 147/19 പ്രകാരം പഞ്ചായത്തിലെ ജലനിധി പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള എം.എ.ഹൗസ്, കൊമ്മിളി - മല്ലപ്പള്ളി പദ്ധതികൾ നാളിതുവരെ പ്രവർത്തനക്ഷമ മാകാത്തതിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും എം.എ.ഹൗസ് ജലനിധി പദ്ധതിക്കായി നിർമ്മിച്ച കിണർ ഉദ്ഘാടന ദിവസം തന്നെ താഴ്ന്ന് പോയതിനാൽ പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ലെന്നും. കൂടാതെ കൊമ്മിളി, മല്ലപ്പള്ളി പദ്ധതി സംയുക്ത പദ്ധതിയായി വിഭാവനം ചെയ്തതായിരുന്നെങ്കിലും കിണറ്റിലെ ജലം ശുദ്ധമല്ലാത്തതിനാൽ ജലവിതരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും വിലയിരുത്തുകയും, ഭീമമായ തുക മുടക്കി ആരംഭിച്ച പദ്ധതികൾ ജനങ്ങൾക്ക് ഉപകാര പ്രദമാവാത്ത സാഹചര്യം ചൂണ്ടിക്കാട്ടി ജലനിധി പദ്ധതി റീജിനൽ പ്രോജക്ട് ഡയറക്ടർക്ക് കത്ത് നൽകിയെങ്കിലും ഫലപ്രദമായ നടപടികൾ കൈകൊണ്ടിട്ടില്ലാത്തതിനാൽ ബഹു ജലസേചന മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം കൈകൊണ്ട് രണ്ട് വർഷം കഴിഞ്ഞിട്ടും മേൽ പദ്ധതികൾ ഇപ്പോഴും പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ മേൽ പദ്ധതികൾ ഇപ്പോഴും ജനങ്ങൾക്ക് ഉപകാരപ്രദമായി മാറിയിട്ടില്ല. അതേപൊലെതന്നെ പഞ്ചായത്തിലുള്ള ജലനിധിപദ്ധതികൾക്കായുള്ള ബാങ്ക് എകൗണ്ടിൽ 12,10,654/- രൂപ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പ് കാണുന്നുണ്ട്. ഈ നീക്കിയിരിപ്പ് ഏതെല്ലാം ഇനത്തിൽ ഉൾപ്പെട്ട തുകയാണെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കിയിട്ടില്ല. കേവലം രണ്ട് പദ്ധതികളൊഴികെ മറ്റുള്ളവ എക്സിറ്റ് ആയ

അവസരത്തിൽ ഇത്രയും ഭീമമായ തുക നീക്കിയിരിപ്പ് വരാൻ സാധ്യത വിരളമാണ്. ആയതിൽ എക്സിറ്റായ പദ്ധതികൾക്ക് ലഭ്യമായ സർക്കാർ ഷെയർ (ജി.ഒ.കെ ഷെയർ), ഗ്രാമപഞ്ചായത്ത് ഷെയർ എന്നീ ഇനത്തിൽ വരവുവന്ന തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉറപ്പുവരുത്തി തിരികെ അടവാക്കാൻ നടപടികൾ കൈകൊള്ളേണ്ടതും പ്രവർത്തനക്ഷമമായിട്ടില്ലാത്ത ജലനിധി പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ നിലവിൽ പഞ്ചായത്ത് കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതുമാണ്.

1-30 എസ്.എസ്.എ. വിഹിതം അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായതുകമാത്രം അടവാക്കുന്നു

പ്രോജക്ട് നമ്പർ- 3/20

വകയിരുത്തിയ തുക- 100000

ചെലവുതുക- 100000 (ബിൽ നമ്പർ-9/19-20 തി 27-9.19)

നിർവഹണം - സെക്രട്ടറി

മേൽ പ്രോജക്ട പ്രകാരം വികസന ഫണ്ടിൽ നിന്നും 1,00,000/- രൂപ പിൻവലിച്ച് എസ്.എസ്.എ.വിഹിതം ഇനത്തിൽ ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സമഗ്രശിക്ഷാ കേരളം (എസ്.എസ്.കെ) പ്രോജക്ട് ഓഫീസർ 25/6/19 ന് പഞ്ചായത്തിന് ലഭ്യമാക്കിയ കത്തിൽ സാമ്പത്തിക വർഷത്തിൽ എസ്, എസ്.കെ മുഖേനയുള്ള പ്രവർത്തനങ്ങൾക്കായി 37.75 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ആവശ്യമുണ്ടെന്നും ആയതിന്റെ 40% തുകയായ 15.1 ലക്ഷം രൂപ എസ്.എസ്.കെ -ക്ക് അടവാക്കുന്നതോടൊപ്പം 2017-18 ൽ അടവാക്കാൻ അവശേഷിക്കുന്ന 12.03 ലക്ഷം രൂപ കൂടി അടവാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ആയത് പരിഗണിക്കാതെ മുൻവർഷം അടവാക്കിയതു പോലെ ഒരു ലക്ഷം രൂപ മാത്രമെ സാമ്പത്തിക വർഷത്തിലും അടവാക്കി കാണുന്നുള്ളൂ. സ.ഉ നമ്പർ 11/18 തി 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും ഗവ. നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതും പ്രോജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം തുക അടവാക്കുകയോ, എസ്.എസ്.കെ പ്രോജക്ട് രൂപീകരണത്തിൽ പഞ്ചായത്ത് പങ്ക് വഹിക്കുകയോ ചെയ്തതായി കാണുന്നില്ല. എസ്.എസ്.കെ പ്രോജക്ടിന് അർഹമായ വിഹിതം ലഭിക്കാത്തതിനാൽ പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവയുടെ തുക നൽകാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് മേൽ കത്തിൽ പ്രോജക്ട് ഓഫീസർ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ആയത് പരിഗണിച്ചു കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഒരുഹയർ സെക്കന്ററി സ്കൂളിന് പുറമെ മൂന്ന് യു.പി.സ്കൂളുകൾ, 7 എൽ. പി

സ്കൂളുകൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 3000 ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ എസ്.എസ്. എ വിഹിതം അടവാക്കുന്നതിലുണ്ടാവുന്ന കുറവ് സംബന്ധിച്ച കാര്യങ്ങളൊന്നും തന്നെ ചർച്ച ചെയ്യപ്പെട്ടതായി കാണുന്നില്ല. സർക്കാർ നിർദ്ദേശ പ്രകാരം എസ.എസ.എ പ്രോജക്ടിന് അർഹമായ പഞ്ചായത്ത് വിഹിതം വകയിരുത്താത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

### 1-31 മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സംക്ഷിപ്തം പ്രകാരം 5,73,211/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു.

വിവിധ അക്കൌണ്ടുകളിലായി 2012-13 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞ നിലനിൽത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തരം മാറ്റിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീസൊടുക്കിയതിൽ കുറവ്

ശ്രീ.ഖാലിദ്, കൊപ്പരക്കണ്ടിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള റി.സ. നം 51/1 E, 51/1 D യിൽപ്പെട്ട സ്വഭാവ വ്യതിയാനം വരുത്തിയ നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയിൽ നിർമ്മിച്ച 331.71$m^2$ (3569.1996 ച.അടി) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷ പ്രകാരം കെട്ടിടത്തിന് 4/153 B, 4/153 C എന്നീ കെട്ടിട നമ്പറുകൾ നൽകി 2019-20 മുതൽ വസ്തു നികുതി ഈടാക്കിവരുന്നുണ്ട്. എന്നാൽ വടകര റവന്യൂ ഡിവിഷണൽ ഓഫീസറുടെ 28-11-2019ലെ F1/2124 /19നമ്പർ ഉത്തരവ് പ്രകാരം സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകിയ മേൽ കെട്ടിടം നിലനിൽക്കുന്ന 19.93 ആർ സ്ഥലത്ത് 3569.1996 ച.അടിയിൽ കൂടുതലുള്ള നിർമ്മാണത്തിന് ഓരോ ച.അടിക്കും 100 രൂപ നിരക്കിൽ സർക്കാരിലേക്ക് ഫീസൊടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ഫയൽ പരിശോധിച്ചതിൽ കെട്ടിടം പരിശോധിച്ച ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും പ്ലാൻ പ്രകാരവും കെട്ടിടം ആകെ 339.71 $M^2$ (അതായത് 3656.608 ച.അടിയുണ്ട്)

നിർമ്മാണം പൂർത്തീകരിക്കുകയും നികുതി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇത് ആർ.ഡി.ഒ നിർമ്മാണാനുമതി നൽകിയതിനേക്കാളും 87.408 ച.അടി അധിക നിർമ്മാണമുണ്ട്. എന്നാൽ ഈ അധിക നിർമ്മാണത്തിന് ആർ.ഡി.ഒ യുടെ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ച.അടിയ്ക്ക് 100/- രൂപ നിരക്കിൽ 8740/-രൂപ ഫീസ് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. ഇത് അടച്ചിട്ടില്ല.

കൂടാതെ 08-03-2022 -ൽ കെട്ടിടത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന് പുറക് വശം ഏകദേശം 120m$^2$ വിസ്തീർണ്ണത്തിൽ ട്രസ്സ് വർക്ക് ചെയ്ത് 'സ്പൈസി വില്ലേജ് 'എന്ന ഇവന്റ്സ് & കാറ്ററിംഗ് എന്ന സ്ഥാപനം പഞ്ചായത്ത് എഫ്.ടി.ഇ & ഒ.എസ് ലൈസൻസോടെ (ലൈസൻസ് നം 339/21-22) പ്രവർത്തിച്ച് വരുന്നതായി ബോധ്യപ്പെട്ടു. എന്നാൽ ഈ കെട്ടിടത്തിന്റെ ഭാഗത്തിന് പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി വാങ്ങുകയോ നമ്പർ ലഭ്യമാക്കുകയോ ചെയതിട്ടില്ല. ആർഡി.ഒ യുടെ മേൽ ഉത്തരവ് പ്രകാരം അധികമായി നിർമ്മിച്ച ഓരോ ച.അടിയ്ക്കും 100/- രൂപ നിരക്കിൽ സർക്കാരിലേക്ക് ഫീസും ഒടുക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ അധികമായി നിർമ്മിച്ച ഭാഗം ക്രമവൽക്കരിക്കുന്നതിനും ആർ.ഡി.ഒ യുടെ നിർദ്ദേശ പ്രകാരമുള്ള ഫീസ് സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനും കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകേണ്ടതും അധിക നിർമ്മാണം ക്രമവൽക്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഫീസ് അടവാക്കി ക്രമവൽക്കരിക്കാത്ത പക്ഷം അനധികൃതനിർമ്മാണം പൊളിച്ച് നീക്കുന്നത് ഉൾപ്പടെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരന് ക്വാട്ട് ചെയ്തനിരക്കിൽ നിന്ന് വ്യത്യസ്തമായി തുക നൽകി-അധികം നൽകിയ തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എൻ.ഒ.സി മുക്ക്-കൊട്ടങ്ങൽപള്ളി റോഡ് റീ-ടാറിംഗ്(പ്രോജക്ട് നം.110/2019-20) |
| അക്രഡിറ്റഡ് ഏജൻസിയുടെ പേര് | ഓർക്കാട്ടേരി ലേബർ കോൺട്രാക്ട് ആന്റ് കൺട്രക്ഷൻ കോപ്പറേറ്റീവ് സൊസൈറ്റി |
| അടങ്കൽ തുക | മെയിന്റിനൻസ് ഗ്രാന്റ്(റോഡ്)-5,00000/- |

| | |
|---|---|
| ചെലവ് | 19170352014900825205/15.11.2019/483713/- |
| എം.ബുക്ക് നം | 136/19-20 |
| കരാർ | 28/2018-19/08.10.2018 |
| പൂർത്തീകരണ കാലയളവ് | 4 മാസം |
| കരാറുകാരൻ ക്വോട്ട് ചെയ്ത തുക | 482879.16/- രൂപ |

എൻ.ഒ.സി മുക്ക്-കോട്ടുങ്ങൽ പള്ളി റോഡ് റീ-ടാറിംഗ് പ്രവർത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ നിന്ന് വ്യത്യസ്തമായി തുക നല്കി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഇനം | എസ്റ്റിമേറ്റിലെ നിരക്ക് | കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് | അളവ് പുസ്തകം പ്രകാരം നൽകിയ നിരക്ക് | അളവ് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|---|---|
| 1 | 3.5.1 (എസ്കവേഷൻ ) | 242.75/ ക്യൂബിക് മീറ്റർ | 242/ ക്യൂബിക് മീറ്റർ | 50/ ക്യൂബിക് മീറ്റർ | 15.53 | 776.50 | 3758.26 |
| 2 | 4.9 (ഡബ്യൂ.എം.എം) | 3026/ക്യൂബിക് മീറ്റർ | 3020/ ക്യൂബിക് മീറ്റർ | 300/ ക്യൂബിക് മീറ്റർ | 13.5 | 4050 | 40770 |
| 3 | 75.5.1.1 Pb (പ്രൈം കോട്ട്) | 75.5/ ചതുരശ്ര മീറ്റർ | 75/ ചതുരശ്ര മീറ്റർ | 66/ ചതുരശ്ര മീറ്റർ | 90 | 5940 | 6750 |
| 4 | 75.5.2.2pb (ടാക് കോട്ട്) | 14.12/ ചതുരശ്ര മീറ്റർ | 14/ ചതുരശ്ര മീറ്റർ | 13/ ചതുരശ്ര മീറ്റർ | 90 | 1170 | 1260 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 75.5.2.1pb (ടാക് കോട്ട്) | 11.79/ ചതുരശ്ര മീറ്റർ | 11/ ചതുരശ്ര മീറ്റർ | 25/ ചതുരശ്ര മീറ്റർ | 1349.90 | 33747.50 | 14848.90 |
| 6 | 75.5.9.1.2pb ( 20 എം.എം പ്രീമിക്സ് കാർപ്പെറ്റ്) | 167.12/ ചതുരശ്ര മീറ്റർ | 167/ ചതുരശ്ര മീറ്റർ | 161/ ചതുരശ്ര മീറ്റർ | 1439.90 | 231823.90 | 240463.30 |
| 7 | 75.5.12.a.3.2pb (സീൽകോട്ട്) | 66.55/ ചതുരശ്ര മീറ്റർ | 66/ ചതുരശ്ര മീറ്റർ | 68/ ചതുരശ്ര മീറ്റർ | 1439.90 | 97913.2 | 95033.40 |
| 8 | 75.5.5.b.2pb (മോഡി ഫൈഡ് പിനിട്രേഷൻ മക്കാഡം) | 344.50/ ചതുരശ്രമീറ്റർ | 343/ ചതുരശ്ര മീറ്റർ | 600/ ചതുരശ്ര മീറ്റർ | 133.49 | 80094 | 45787.07 |
| 9 | ഓ.ഡി- കോൺക്രീറ്റ് | 7711.54/ ക്യൂബിക് മീറ്റർ | 7700/ ക്യൂബിക് മീറ്റർ | 7700/ ക്യൂബിക് മീറ്റർ | 3.662 | 28197.4 | 28197.40 |
| ആകെ | | | | | | 483712.50 | 476868.33 |

അളവ് പുസ്തകം പ്രകാരം കരാറുകാരന് 6844.17/- രൂപ അധികം പ്രവൃത്തി മൂല്യം കണക്കാക്കി തുക നൽകി. വിശദാംശം താഴെ കൊടുക്കുന്നു.

<u>കരാറുകാരന് നൽകിയത്</u>

പ്രവൃത്തി മൂല്യം-483712.50/-

റിക്കവറി-ഐ.ടി 2 %- 9674/-

ജി.എസ്.ടി- 2 %-9674/-

കെ.സി.ഡബ്യൂ.ഡബ്യൂ.എഫ്-4837/-

ആകെ റിക്കവറി-24185/-

കരാറുകാരന് നൽകിയത്- 459528/-

<u>കരാറുകാരന് നൽകേണ്ട തുക</u>

പ്രവൃത്തി മൂല്യം-476868/-

റിക്കവറി-ഐ.ടി 2 %- 9537/-

ജി.എസ്.ടി- 2 %-9537/-

കെ.സി.ഡബ്യു.ഡബ്യു.എഫ്-4595/-

ആകെ റിക്കവറി-23669/-

കരാറുകാരന് നൽകേണ്ട തുക- 453199/-

അധികം നൽകിയ തുക- 6329/-രൂപ

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.20/ 2019-20/09.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ തുകയും റിക്കവറി ഇനത്തിൽ അധികം ഈടാക്കിയ തുകയും തിരിച്ച് പിടിച്ച് സഞ്ചിത നിധിയിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 04.03.2022, 05.03.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,50,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,00,000 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,00,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4,24,204 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസന്റീവ് | 4,24,204 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 11,87,000 | ലൈഫ് ഭവന പദ്ധതി | 11,87,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 48,125 | മുട്ടഗ്രാമം | 48,125 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3,79,875 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 3,79,875 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 11,20,000 | ലൈഫ് ഭവന പദ്ധതി | 11,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3,383 | ലൈഫ് മിഷൻ ഭവന പദ്ധതി | 3,383 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/08/2018 | 23,20,000 | 56,20,000 | 6,91,117 | -- | 72,48,823 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം കോഓപ്പറേറ്റീവ് ഹോസ്പിറ്റലിനു നൽകിയ വിഹിതം | | | 10,000 | |
| ആകെ | | | | 10,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | -- | 2003-04 | 11-14 | സമഗ്ര പുരയിട കൃഷി വികസന പദ്ധതി | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-1 | തൊഴിലുറപ്പ് പദ്ധതി | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-5 | നീർത്തടാധിഷ്ഠിത പദ്ധതികൾ | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-6 | തൊഴിലുപകരണ പദ്ധതികൾ | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2-5 | റോഡുകളുടെ ചുമതലാവിഭജനം | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,12,53,341 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,14,54,155 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,740 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,329 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,27,057 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8,740 | | മോഹൻരാജ്.വി.പി,<br>സെക്രട്ടറി |
| 3-1 | | 6,329 | സുനിത.പി.കെ,<br>അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 73,828 | രേഷ്മ.കെ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 29,372 | അമ്പിളി.പി, |

| | | |
|---|---|---|
| | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 5,47,789 | രേഷ്മ.കെ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 4,76,068 | അമ്പിളി.പി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | 1,00,000 | റിജിന.ടി,<br>വി.ഇ.ഒ |
| ആകെ | 12,27,057 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിത.പി.കെ,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചോറോട് ഗ്രാമപഞ്ചായത്ത്,<br>എൽ.എസ്.ജി.ഡി | അനന്തപുരി,<br>കച്ചേരി(പി.ഒ),<br>കോഴിക്കോട് |
| മോഹൻരാജ്.വി.പി,<br>സെക്രട്ടറി | സെക്രട്ടറി,<br>എടച്ചേരി | മഠത്തിൽ മീത്തൽ,<br>ആയഞ്ചേരി (പി.ഒ), |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| രേഷ്മ.കെ,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ,<br>ചക്കിട്ടപ്പാറ<br>ഗ്രാമപഞ്ചായത്ത് | കണ്ണോത്ത്,<br>കോട്ടൂർ,<br>നടുവണ്ണൂർ,<br>കോഴിക്കോട് |
| അമ്പിളി.പി,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ,<br>എടച്ചേരി<br>ഗ്രാമപഞ്ചായത്ത് | ആഗ്നേയം,<br>കിഴക്കയിൽ,<br>എടച്ചേരി,<br>കോഴിക്കോട് |
| റിജിന.ടി,<br>വി.ഇ.ഒ | വി.ഇ.ഒ,<br>നരിപ്പറ്റ<br>ഗ്രാമപഞ്ചായത്ത് | താഴെവീട്ടിൽ,<br>ഇരിങ്ങണ്ണൂർ(പി.ഒ),<br>കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-3 |
| 2002-03 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 1 | 2-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 7 | 2-3, 2-4, 2-5, 3-4, 3-5, 3-6, 3-7 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(1) തീയതി 26.06.19 | 4 | 2-3, 2-5, 3-1, 3-5 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(2) തീയതി 26.06.19 | 14 | 3-2(1), 3-4, 3-6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(3) തീയതി 26.06.19 | 4 | 2-14,3-2 (A,B,C), 3-5, 3-6, 3-13 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(4) തീയതി 26.06.19 | 4 | 3-2, 3-6, 3-7, 3-8 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(5) തീയതി 26.06.19 | 10 | 2-1(4), 2-1(8), 3-1(1) (2), 3-2 (1)(2), 3-3, 3-4, 3-5 (2), 3-9 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി9/ 2413/18(6) തീയതി 26.06.19 | 16 | 2-2(2), 3-4, 3-5, 3-8(1)(2) (4) (6), 3-10, 3-11, 3-16 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(1) തീയതി-17.11.2021 | 5 | 2-1, 3-5, 3-6, 3-9, 4-11 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(2) തീയതി-17.11.2021 | 6 | 2-2, 3-3, 3-4, 3-7 (3,6), 3-8, 3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(3) തീയതി-17.11.2021 | 11 | 2-1, 2-3, 2-5, 3-1, 3-4 (1, 7, 10, 12, 13, 14, 21, 22), 3-8, 3-11, 3-17, 3-18 (4,6), 3-19, 3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 929/21(4) തീയതി-17.11.2021 | 11 | 2-1, 2-2, 2-4, 3-2, 3-3, 3-8സി, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി5/ 1508/2019 തീയതി | 9 | 1-10, 1-12, 2-1(1)(2)(3), 2-4(6),<br>3-1(4), 3-2 (1) (2),<br>3-4, 3-11, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി5/ 757/20 തീയതി-04.09.2020 | 8 | 1-7 (1, 2, 3, 4, 5, 6, 7), 1-10, 1-12, 1-14, 1-18, 1-21, 1-22, 1-23 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്